# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1507**. **06-03-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷി

**ചോദ്യം**
ശ്രീ.ആർ. രാജേഷ്
ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ.ഒ. ആർ. കേളു
ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി 2016-2017 വർഷം സംസ്ഥാന സർക്കാർ താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>**1.സുസ്ഥിര നെൽകൃഷി വികസനം-**<br>ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനുംപുറമെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 4500/- രൂപ നിരക്കിൽ 180000 ഹെക്ടർ സ്ഥലത്ത് 8100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**2. വികസന ഏജൻസികൾക്കുള്ള ഫണ്ട്-**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>**3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**<br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷിക്കുള്ള പ്രോൽസാഹനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ |

വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**5.കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 374.28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ, 2900 ഹെക്ടറിന് 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരുപ്പ് കൃഷി ഇരുപ്പ് കൃഷി ആക്കുന്നതിലേക്കായി ഹെക്ടറിന് 10000/- രൂപ ധനസഹായ നിരക്കിൽ 94 ഹെക്ടറിന് 9.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**6.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**7.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി**

നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി. 57.37 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന നടപ്പുവർഷം അധികമായി അനുവദിച്ചിട്ടുണ്ട്.

**8.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം)-**

ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി ( NFSM) പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനായി 243 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | നെൽകൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഉയർന്ന ഉല്പാദന ചെലവും കുറഞ്ഞ വിലയുമായതിനാൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഏറ്റവും കൂടുതൽ ഉല്പാദന ചെലവ് വഹിക്കേണ്ടിവരുന്ന ഒരു കൃഷിയാണ് നെൽകൃഷി. ഇത് ഒരു പരിധി വരെ കുറയ്ക്കുന്നതിനായി നെൽകൃഷി ഗ്രൂപ്പടിസ്ഥാനത്തിൽ പാടശേഖരങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്. ഇപ്രകാരം മൊത്തം ഉല്പാദനച്ചെലവിന്റെ 20 മുതൽ 30 ശതമാനം വരെ കുറയ്ക്കാൻ സാധിക്കുന്നുണ്ട്. ഈ വർഷം ഗ്രൂപ്പ്ഫാമിംഗ് പദ്ധതി പ്രകാരം 180000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുന്നുണ്ട്. കാർഷിക യന്ത്രവൽക്കരണത്തിലൂടെയും, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിലൂടെയും ഉല്പന്നത്തിന്റെ ചെലവിന് അനുസൃതമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ വർഷം നെൽകൃഷി എത്ര ഹെക്ടറിലേക്ക് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | ഈ വർഷം നെൽകൃഷി 2,25000 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | കൃഷിഭവൻ തലത്തിൽ കൃഷി ഉദ്യോഗസ്ഥർ കർഷകരുടെ കൃഷി സ്ഥലത്ത് പോയി കർഷകർക്ക് ആവശ്യമായ നൂതന സാങ്കേതിക വിദ്യകൾ പകർന്നുനൽകുന്നതോടൊപ്പം കൃഷിയ്ക്ക് മുന്നോടിയായി കർഷകർക്ക് ആവശ്യമായ പരിശീലന ക്ലാസ്സുകൾ പാടശേഖരാടിസ്ഥാനത്തിൽ നൽകിവരുകയും കൃഷിയ്ക്കാവശ്യമായ ഗുണമേന്മയുള്ള ഉല്പാദനോപാധികൾ കൃത്യസമയത്ത് കർഷകന് ലഭ്യമാക്കുകയും ചെയ്യുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ